"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.മേരി ഡയാന.റ്റി. റ്റി ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 88(ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3141/2022/LSGD തീയതി,തിരുവനന്തപുരം, 19-12-2022

---

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. ശ്രീമതി.മേരി ഡയാന.റ്റി. റ്റി യുടെ 22.04.2020 ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 09.11.2020, 24.09.2022എന്നീ തീയതികളിലെ ഇ6-13110/2019നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.മേരി ഡയാന.റ്റി. റ്റി ക്ക് 02.05.2019 മുതൽ 26.05.2020 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.മേരി ഡയാന.റ്റി. റ്റി 03.12.2018 ലാണ് സേവനത്തിൽ പ്രവേശിച്ചത്. ടിയാൾക്ക് ഗർഭ സംബന്ധമായ ശാരീരിക പ്രശ്നങ്ങൾ കാരണം 02.05.2019 മുതൽ 30.07.2019 വരെ 90 ദിവസത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നു( page 11 cf). തുടർന്നും അവധി ദീർഘിപ്പിക്കുവാൻ അപേക്ഷ സമർപ്പിച്ചപ്പോൾ ടിയാൾക്ക് മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 02.05.2019 മുതൽ 30.07.2019 വരേക്ക് അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്. സേവനത്തിൽ പ്രവേശിച്ചിട്ട് മൂന്ന് വർഷം പൂർത്തിയാകുന്നതിന് മുൻപാണ് 90 ദിവസത്തിൽ കൂടുതൽ കാലയളവിലേക്ക് അവധിയിൽ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ 02.05.2019 മുതൽ 28.10.2019 വരെ കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88(ii) ൽ ഇളവ് വരുത്തി മാത്രമേ ക്രമീകരിക്കാൻ കഴിയൂ. അവധിക്കാലയളവ് കഴിഞ്ഞ് ടിയാൾ 25.05.2020 ൽ സേവനത്തിൽ പുനഃപ്രവേശിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.മേരി ഡയാന.റ്റി. റ്റി ക്ക് 02.05.2019 മുതൽ 28.10.2019 വരെയുള്ള കാലയളവിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം നൽകിയും 26.04.2020 മുതൽ 24.05.2020 വരെയുള്ള കാലയളവിൽ കെ.എസ്.ആർ ഭാഗം 1, ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യം നൽകിയും, ടി കാലയളവുകൾ ആർജ്ജിതാവധിയ്ക്ക്

പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1, ചട്ടം 88(ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, തദ്ദേശസ്വയംഭരണ(റൂറൽ), തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം(ഡയറക്ടർ, തദ്ദേശസ്വയംഭരണ(റൂറൽ) മുഖേന).
സെക്രട്ടറി, മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്, കോട്ടയം(ഡയറക്ടർ, തദ്ദേശസ്വയംഭരണ(റൂറൽ) മുഖേന)
ശ്രീമതി.മേരി ഡയാന.റ്റി. റ്റി, ക്ലാർക്ക്, മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്, കോട്ടയം(ഡയറക്ടർ, തദ്ദേശസ്വയംഭരണ(റൂറൽ) മുഖേന)
ധനവകുപ്പ് (07.12.2022ലെ 130/ഡെവ-1/2021/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(221/ഇപിഎ1/2020/തദ്ദേശസ്വയംഭരണ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 20-12-2022 10:18:59
സെക്ഷൻ ഓഫീസർ